"ഭരണഭാഷ - മാതൃഭാഷ"

**കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്**

(1956-ലെ കമ്പനീസ് ആക്റ്റ് പ്രകാരം രൂപീകൃതം)

രജി. ഓഫീസ് : വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം - 695 004, കേരള
ടെലഫോൺ നം. : 91 471 2514468, 2514206, 2514587, 2514365
ഫാക്സ് : 0471 2446480, ഇമെയിൽ : dpr@kseb.in
വെബ് സൈറ്റ് : www.kseb.in CIN : U40100KL2011SGC027424

**സംഗ്രഹം**

പബ്ലിക് റിലേഷൻസ് വകുപ്പ് - കെ.എസ്.ഇ.ബി.യുടെ പ്രവർത്തനങ്ങളും പദ്ധതികളും സംബന്ധിച്ച ഡോക്യുമെന്ററി പരമ്പര 'സ്പന്ദനം' വ്യത്യസ്ത ചാനലുകളിൽ തുടർ സംപ്രേഷണം നടത്തുന്നത് - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കോർപ്പറേറ്റ് ഓഫീസ് (പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ്)**

**ബോ.ഉ(എഫ്.ടി.ഡി) നം.784/2020(പി.ആർ/എം.സി-2/സ്പന്ദനം സീരീസ്-II/2020-21)**

**തിരുവനന്തപുരം, തീയതി 24/12/2020**

---

പരാമർശം : 1) ബോ.ഉ(എഫ്.ടി.ഡി) നം.374/2020(പി.ആർ/എം.സി-2/സ്പന്ദനം സീരീസ്-II/ 2020-21) തിരുവനന്തപുരം, തീയതി 02/06/2020.

2) 14.12.2020-ന് ചീഫ് പേഴ്സണൽ ഓഫീസർ ഇൻ ചാർജ്ജ് ഓഫ് ചീഫ് പബ്ലിക് റിലേഷൻസ് ഓഫീസർ ഫുൾടൈം ഡയറക്ടർമാർക്ക് സമർപ്പിച്ച കുറിപ്പ്. (അജൻഡ നമ്പർ 54/12/20)

**ഉത്തരവ്**

കെ.എസ്.ഇ.ബി. ലിമിറ്റഡുമായി ബന്ധപ്പെട്ട് പ്രാധാനപ്പെട്ട വിഷയങ്ങളെ പൊതുജനങ്ങൾക്ക് മുൻപിൽ അവതരപ്പിക്കുക ലക്ഷ്യമാക്കി പരാമർശം (1) ബോർഡ് ഉത്തരവ് പ്രകാരം ആരംഭിച്ച 'സ്പന്ദനം' ടെലിവിഷൻ പരിപാടി ഏഷ്യാനെറ്റ് ന്യൂസ്, മാതൃഭൂമി ന്യൂസ് എന്നീ ചാനലുകളിൽ സംപ്രേഷണം ആരംഭിച്ചു. 24 ന്യൂസിൽ സമയം ലഭിക്കുകയും ചെയ്തിട്ടുണ്ട്.

ചാനലുകളുമായി നിരന്തരം നടത്തിയ ചർച്ചകളെ തുടർന്ന് ബോർഡ് ഉത്തരവ് പ്രകാരം അനുവദിച്ച തുകയിൽ നിന്നും കുറഞ്ഞ നിരക്കിലാണ് 2 ചാനലുകളിൽ സംപ്രേഷണ നിരക്ക് ലഭിച്ചത്. മാതൃഭൂമി, 24 ന്യൂസ് എന്നിവ ഓരോ പുന:സംപ്രേഷണം (Repeat Slot) സൗജന്യമായി അനുവദിച്ചു. അതേസമയം കൈരളി ചാനൽ അവരുടെ നിരക്ക് 67,500/- + ജി.എസ്.ടി. ആയി വർദ്ധിപ്പിച്ചതായി അറിയിച്ചു. ചർച്ചക്കുശേഷം ലഭിച്ച നിരക്കുകൾ ചുവടെ ചേർക്കുന്നു.

| നം. | ചാനൽ | അനുവദിച്ച നിരക്ക് (രൂപ) | 10 എണ്ണത്തിന് (രൂപ)+ ജി.എസ്.ടി. | ചർച്ചക്കശേഷം ലഭിച്ച നിരക്ക് (രൂപ) + ജി.എസ്.ടി. |
|---|---|---|---|---|
| 1 | ഏഷ്യാനെറ്റ് | 1,25,000/- | 12,50,000/- | 1,00,000/- |
| 2 | മാതൃഭൂമി | 1,75,000/- | 17,50,000/- | 1,00,000/- |
| 3 | 24 ന്യൂസ് | 1,00,000/- | 10,00,000/- | 1,00,000/- |
| 4 | കൈരളി | 25,000/- | 2,50,000/- | 67,500/- |
| ആകെ | | | 42,50,000/- | |

ചുവടെ ചേർക്കുന്ന റേറ്റിംഗ് മികവ് പുലർത്തുന്ന ചാനലുകൾ സ്പന്ദനം പരിപാടി സംപ്രേഷണം നടത്താൻ തയ്യാറാണെന്ന് അറിയിച്ചിട്ടുണ്ട്.

| നം. | ചാനൽ | സംപ്രേഷണ നിരക്ക് (രൂപ) |
|---|---|---|
| 1 | മീഡിയവൺ | 75,000/- + ജി.എസ്.ടി. |
| 2 | ജനം | 70,000/- + ജി.എസ്.ടി. |
| 3 | ജയ്ഹിന്ദ് | 50,000/- + ജി.എസ്.ടി. |
| 4 | ദൂരദർശൻ | 25,000/- + ജി.എസ്.ടി. |
| 5 | ന്യൂസ് 18 | 45,000/- + ജി.എസ്.ടി. |

ഏഷ്യാനെറ്റ് ന്യൂസ് ചാനലിന്റെയും, മാതൃഭൂമി ചാനലിന്റെയും സംപ്രേഷണ നിരക്ക് ഇനത്തിൽ യഥാക്രമം 75,000/- രൂപയും, 25,000/- രൂപയും ചർച്ചകളെ തുടർന്ന് ലാഭിക്കാനായിട്ടുണ്ട്. കൈരളി ചാനലിനായി 25,000/- രൂപ നിരക്കിൽ അനുവദിച്ച തുക ചെലവാക്കാനായിട്ടില്ല. ആയതിനാൽ 12,50,000/- രൂപ (75,000/- x 10 = 7,75,000/-) + (25,000/- x 10 = 2,50,000/-) + (25,000/- x 10 = 2,50,000/-) ബാക്കിയുണ്ട്. ഈ തുകയിൽ നിന്നും ചുവടെ ചേർക്കുന്ന പ്രകാരം ചെലവാക്കിയാൽ അധികമായി 80,000/- രൂപ ചെലവഴിക്കുമ്പോൾ മറ്റ് ചാനലുകളിൽ കൂടി നാല് മാസത്തേക്ക് സംപ്രേഷണം നടത്താൻ സാധിക്കും.

| നം. | ചാനൽ | ടെലികാസ്റ്റ് ഫീസ് (രൂപ) | 4 എപ്പിസോഡുകൾക്ക് (രൂപ) |
|---|---|---|---|
| 1 | മീഡിയവൺ | 75,000/- + ജി.എസ്.ടി. | 3,00,000/- + ജി.എസ്.ടി. |
| 2 | ജനം | 70,000/- + ജി.എസ്.ടി. | 2,80,000/- + ജി.എസ്.ടി. |
| 3 | ന്യൂസ് 18 | 45,000/- + ജി.എസ്.ടി. | 1,80,000/- + ജി.എസ്.ടി. |
| 4 | കൈരളി | 67,500/- + ജി.എസ്.ടി. | 2,70,000/ -+ ജി.എസ്.ടി. |
| 5 | ജയ്ഹിന്ദ് | 50,000/- + ജി.എസ്.ടി. | 2,00,000/- + ജി.എസ്.ടി. |
| 6 | ദൂരദർശൻ | 25,000/- + ജി.എസ്.ടി. | 1,00,000/- + ജി.എസ്.ടി. |
| ആകെ | | | 13,30000/-+ ജി.എസ്.ടി. |

നേരത്തെ അനുവദിച്ച രൂപ 42,50,000/- യ്ക്ക് പുറമെ 80,000/- രൂപയും കൂടി ചേർത്ത് 43,30,000/- രൂപ (നാൽപ്പത്തി മൂന്ന് ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം) (ജി.എസ്.ടി. പുറമെ) യാണ് ആകെ ചെലവ് വരുന്നത്.

ആവശ്യമുള്ള പക്ഷം മേൽ പരാമർശിച്ച തുകയിൽ നിന്ന് സംപ്രേഷണ ഫീസ് ചാനലുകൾക്ക് മുൻകൂറായി നൽകി സ്ലോട്ട് ഉറപ്പ് വരുത്താവുന്നതാണ്.

അധികമായി വരുന്ന എപ്പിസോഡുകളുടെ പകർപ്പെടുക്കൽ, ആങ്കർ ബൈറ്റ് എടുക്കൽ, ടെലികാസ്റ്റ് ചെയ്ത നിലവിലുള്ള എപ്പിസോഡുകളുടെ റീ-ഡ്രാഫ്റ്റിംഗ് തുടങ്ങിയ വിവിധ പ്രവൃത്തികൾ നടത്തുന്നതിനായി ഇപ്പോൾ ചെയ്യുന്നതുപോലെ ആവശ്യാനുസരണമുള്ള തുക ചീഫ് പബ്ലിക് റിലേഷൻസ് ഓഫീസർ മുൻകൂറായി എടുത്ത് വിവിധ ജോലികൾ തീർക്കുന്ന രീതി തുടരാവുന്നതാണ്. ഈ ആവശ്യത്തിന് നേരത്തെ അനുവദിച്ച 15,00,000/- രൂപ (പതിനഞ്ച് ലക്ഷം രൂപ മാത്രം) മതിയാകും.

നിലവിൽ ഇത്തരം ജോലികൾ ചെയ്തുകൊണ്ടിരിക്കുന്ന തൃശ്ശൂർ ജനറേഷൻ സർക്കിളിലെ അസിസ്റ്റന്റ് എൻജിനീയറായ ശ്രീ. എസ്. സുബാഷിനെ വിഷ്വൽ മീഡിയ കോ-ഓർഡിനേറ്ററായി ചുമതലപ്പെടുത്താവുന്നതാണ്.

മേൽ പരാമർശിച്ച വിവരങ്ങൾ ഉൾപ്പെടുത്തി പരാമർശം (2) പ്രകാരം ചീഫ് പബ്ലിക് റിലേഷൻസ് ഓഫീസറുടെ ചുമതല വഹിക്കുന്ന ചീഫ് പേഴ്സണൽ ഓഫീസർ സമർപ്പിച്ച കുറിപ്പ് 16.12.2020-ൽ ചേർന്ന മുഴുവൻ സമയ ഡയറക്ടർമാരുടെ യോഗം വിശദമായി പരിശോധിക്കുകയും ചുവടെ ചേർക്കുന്ന തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

1. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾ പൊതുജനങ്ങളിൽ എത്തിക്കേണ്ടതിന്റെ ഭാഗമായി 'സ്പന്ദനം' ടെലിവിഷൻ പരിപാടി ഏഷ്യാനെറ്റ് ന്യൂസ്, മാതൃഭൂമി ന്യൂസ്, 24 ന്യൂസ് എന്നീ ചാനലുകളിൽ മാസത്തിൽ ഒന്ന് വീതം പത്തു മാസത്തേക്ക് 1,00,000/- രൂപ (ജി.എസ്.ടി. പുറമെ) നിരക്കിലും മീഡിയ വൺ, ജനം, ജയ്ഹിന്ദ്, ദൂരദർശൻ, ന്യൂസ് 18, കൈരളി എന്നീ ചാനലുകളിൽ മാസത്തിൽ ഒന്ന് വീതം നാല് മാസത്തേക്ക് ചുവടെ ചേർക്കുന്ന നിരക്കുകൾ പ്രകാരവും സംപ്രേഷണം നടത്താൻ അനുമതി നൽകി.

| നം. | ചാനൽ | സംപ്രേഷണ നിരക്ക് (രൂപ) |
|---|---|---|
| 1 | മീഡിയവൺ | 75,000/- + ജി.എസ്.ടി. |
| 2 | ജനം | 70,000/- + ജി.എസ്.ടി. |
| 3 | ജയ്ഹിന്ദ് | 50,000/- + ജി.എസ്.ടി. |
| 4 | ദൂരദർശൻ | 25,000/- + ജി.എസ്.ടി. |
| 5 | ന്യൂസ് 18 | 45,000/- + ജി.എസ്.ടി. |
| 6 | കൈരളി | 67,500/- + ജി.എസ്.ടി. |

2. സംപ്രേഷണ ഫീസ് ഇനത്തിൽ നേരത്തെ അനുവദിച്ച 42,50,000/- യ്ക്ക് പുറമെ 80,000/- രൂപയും കൂടി ചേർത്ത് 43,30,000/- രൂപയും (നാൽപ്പത്തി മൂന്ന് ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം) (ജി.എസ്.ടി. പുറമെ) എപ്പിസോഡുകളുടെ ചിത്രീകരണത്തിനും, ആങ്കർ ബൈറ്റ് എടുക്കൽ, ടെലികാസ്റ്റ് ചെയ്ത നിലവിലുള്ള എപ്പിസോഡുകളുടെ റീ-ഡ്രാഫ്റ്റിംഗ് തുടങ്ങിയ വിവിധ പ്രവർത്തികൾ നടത്തുന്നതിനായി നേരത്തെ അനുവദിച്ച 15,00,000/- രൂപയും (പതിനഞ്ച് ലക്ഷം രൂപ മാത്രം) അനുവദിച്ചു.

3. ആവശ്യമുള്ള പക്ഷം സംപ്രേഷണ ഫീസ് ഇനത്തിൽ അനുവദിച്ച തുകയിൽ നിന്ന് സംപ്രേഷണ ഫീസ് ചാനലുകൾക്ക് മുൻകൂറായി നൽകി സ്ലോട്ട് ഉറപ്പ് വരുത്താൻ ചീഫ് പബ്ലിക് റിലേഷൻസ് ഓഫീസറെ ചുമതലപ്പെടുത്തി.

4.എപ്പിസോഡുകളുടെ നിർമ്മാണത്തോടനുബന്ധിച്ച് ചിത്രീകരണവും മറ്റ് സാങ്കേതിക പ്രവർത്തികളും നടത്തുന്നതിനായി ഇപ്പോൾ ചെയ്യുന്നതുപോലെ ആവശ്യാനുസരണം തുക മുൻകൂറായി എടുത്ത് ചെലവഴിക്കാൻ ചീഫ് പബ്ലിക് റിലേഷൻസ് ഓഫീസറെ ചുമതലപ്പെടുത്തി.

5.എപ്പിസോഡുകളുടെ ചിത്രീകരണവും മറ്റ് സാങ്കേതിക ജോലികളുടെയും സംവിധാനം നിർവഹിക്കുന്നതിനും ഇപ്പോൾ ഈ പ്രവൃത്തി നിർവഹിക്കുന്ന തൃശ്ശൂർ ജനറേഷൻ സർക്കിളിലെ അസിസ്റ്റന്റ് എൻജിനീയറായ ശ്രീ. എസ്. സുബാഷിന്റെ സേവനം വിഷ്വൽ മീഡിയ കോ-ഓർഡിനേറ്ററായി തുടർന്നും ലഭ്യമാക്കുന്നതിനും അനുമതി നൽകി.

ഇതനുസരിച്ച് ഉത്തരവ് പുറപ്പെടുവിച്ചുകൊള്ളുന്നു.

ഈ തുക ബോർഡിന്റെ പൊതുഭരണ ചെലവിൽ വകയിരുത്തേണ്ടതാണ്.

**ഹോൾടൈം ഡയറക്ടർമാരുടെ**
**ഉത്തരവിൻ പ്രകാരം**
**ഒപ്പ്/-**
**ലേഖ ജി**
**കമ്പനി സെക്രട്ടറി ഇൻചാർജ്ജ്**

സ്വീകർത്താവ് : ചീഫ് പബ്ലിക് റിലേഷൻസ് ഓഫീസർ.

പകർപ്പ് :

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ടി.എ/
സെക്രട്ടറി(കമ്പനി) /ഡെപ്യൂട്ടി ചീഫ്
എഞ്ചിനീയർ(ഐ.റ്റി)/എ.ജി./ലീഗൽ ലെയ്സൺ
ഓഫീസർ/ഫയൽ/ കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

സീനിയർ സൂപ്രണ്ട്

31/12